(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം പിടിച്ചെടുത്ത വ്യാജ സ്പിരിറ്റ്

1308 [2339] ശ്രീ. എം. കെ. പത്മനാഭൻ:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് എത്ര ലിറ്റർ വ്യാജ സ്പിരിറ്റ് പിടിച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു?

ഉത്തരം

(എ) 84,075 ലിറ്റർ വ്യാജ സ്പിരിറ്റ് പിടിച്ചിട്ടുണ്ട്.

(ബി) 22 കേസുകൾ രജിസ്റ്റർ ചെയ്തു.

സംസ്ഥാനത്തു കഞ്ചാവു കൃഷി ചെയ്യുന്ന പ്രദേശങ്ങൾ

1309 [2340] ശ്രീ. രാഘവൻ പൊഴക്കടവിൽ:
,, കെ. സി. ജോസഫ്:
,, കെ. ഒ. തോമസ്:
,, കെ. രാഘവൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് കൃഷി ചെയ്യുന്ന പ്രദേശങ്ങൾ ഏതെല്ലാം;

(ബി) മൊത്തം കൃഷിയുടെ എത്ര ശതമാനം നശിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽപ്പെട്ട കൊന്നത്തടി, ചിന്നക്കനാൽ, രാജക്കാട്, ഉടുമ്പൻചോല, തങ്കമണി, വട്ടവട എന്നീ വില്ലേജുകളിൽ കഞ്ചാവ് കൃഷി അനധികൃതമായി നടത്തുന്നുണ്ട്.

(ബി) കഞ്ചാവ് കൃഷി അനധികൃതമായി വനാന്തരങ്ങളിൽ നടത്തുന്നതുകൊണ്ട് ഈ കൃഷിയുടെ വ്യാപ്തി തിട്ടപ്പെടുത്തിയിട്ടില്ല. കൃഷി ചെയ്യുന്നതായറിയുന്ന സ്ഥലങ്ങളിലെ കഞ്ചാവ് അപ്പപ്പോൾ നശിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly